കാടപ്പക്ഷികളെ നൂതന പ്രജനന പ്രക്രിയകളിലൂടെ വ്യാവസായികാടിസ്ഥാനത്തിൽ വികസിപ്പിച്ചെടുത്തതു ജപ്പാൻകാരാണ്. അതുകൊണ്ട് തന്നെ ഇവ 'ജപ്പാനീസ് കാട (ജപ്പാനീസ് ക്വയിൽ)' എന്നാണ് അറിയപ്പെടുന്നത്. പഴമക്കാർക്ക് കാടകളുടെ ഔഷധമേന്മയേയും ഗുണങ്ങളെയും പറ്റിയുള്ള അറിവിന്റെ തെളിവാണ് 'ആയിരം കോഴിയ്ക്ക് അരകാട' എന്ന പഴഞ്ചൊല്ല്. കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ ആദായവും ലാഭവും ലഭിക്കും എന്നുള്ളതുകൊണ്ട് കാട വളർത്തലിന് ആനുകാലികമായി വളരെയധികം പ്രചാരം ലഭിച്ചിട്ടുണ്ട്.

കോഴി വളർത്തലിനെ അപേക്ഷിച്ച് വളരെയധികം പ്രത്യേകതകൾ നിറഞ്ഞതാണ് കാടകൃഷി. വളർത്തുന്നതിന് കുറഞ്ഞ സ്ഥലസൗകര്യം മതി എന്നതും, കുറഞ്ഞ തീറ്റ ചിലവുമാണ് കാടകൃഷിയുടെ പ്രധാന ആകർഷണം. ഒരു കോഴിയെ വളർത്താനാവശ്യമായ സ്ഥലത്ത് 8 മുതൽ 10 വരെ കാടകളെ വളർത്താം. അതുപോലെ ഒരു കാടയ്ക്ക് ദിനംപ്രതി 25 ഗ്രാം തീറ്റ മതിയാകും (പ്രതിവർഷം 8 കി. ഗ്രാം.) ആറാഴ്ച പ്രായമാകുമ്പോൾ മുട്ടയിട്ടുതുടങ്ങുന്ന കാടയിൽ നിന്ന് വർഷത്തിൽ ശരാശരി 10 ഗ്രാം ഭാരമുള്ള 280 മുതൽ 300 വരെ മുട്ടകൾ ലഭിക്കും. ഏതാണ്ട് 5-6 ആഴ്ച പ്രായത്തിൽ 150 ഗ്രാം ശരീരഭാരം വയ്ക്കുന്ന കാടകളെ മാംസത്തിനു വേണ്ടിയും വിപണിയിലെത്തിക്കാവുന്നതാണ്. പ്രതിവർഷം 4 മുതൽ 5 വരെ തലമുറകൾ ഉദ്പാദിപ്പിക്കുവാൻ കഴിയുന്ന കാടകളുടെ മുട്ടകൾ വിരിയുന്നതിന് 18 ദിവസം മാത്രം മതി. ഇതിനെല്ലാം ഉപരി കോഴികളിൽ സാധാരണ കണ്ടുവരുന്ന രോഗങ്ങൾ ഒന്നും തന്നെ കാടകളിൽ കാണാറില്ല എന്ന പ്രത്യേകതയും ഉണ്ട്.

കാടയുടെയും കോഴിയുടെയും പോഷകമൂല്യങ്ങൾ തമ്മിലുള്ള ഒരു താരതമ്യം താഴെ കൊടുത്തിരിക്കുന്നു.

| ഉത്പ്പന്നം | മാംസ്യം % | കൊഴുപ്പ് % | കൊളസ്ട്രോൾ % | ലവണം % |
|---|---|---|---|---|
| കാടമുട്ട | 13.23 | 10.83 | 0.84 | 1.03 |
| കോഴിമുട്ട | 12.80 | 11.50 | 0.55 | 1.00 |
| കാടഇറച്ചി | 20.10 | 5.00 | 0.07 | 1.20 |
| കോഴി ഇറച്ചി | 18.20 | 6.20 | 0.08 | 0.78 |

(സമ്പാദനം- കാട-കേരള കാർഷിക സർവകലാശാല പ്രസിദ്ധീകരണം)

ഇതുകൂടാതെ വിറ്റാമിൻ, കാത്സ്യം, ഫോസ്ഫറസ് തുടങ്ങിയ ലവണങ്ങളും കാട ഉൽപ്പന്നങ്ങളിൽ കൂടുതലായി അടങ്ങിയിട്ടുണ്ട്. കാടമുട്ടയിൽ അപൂരിത കൊഴുപ്പ് അമ്ളങ്ങൾ ധാരാളം അടങ്ങിയിട്ടുണ്ട്. കാടമുട്ടയും ഇറച്ചിയും ഔഷധമൂല്യമുള്ളതായതിനാൽ ശ്വാസകോശ സംബന്ധമായ ആസ്തമ തുടങ്ങിയ അസുഖങ്ങൾക്ക് ഉത്തമമാണ്.

## കൂടൊരുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഓട്, ഓല ആസ്ബെസ്റ്റോസ് എന്നിവ മേൽക്കൂരയായി ഉപയോഗിച്ച് നിർമ്മിക്കുന്ന ഷെഡുകളിൽ കാട വളർത്താവുന്നതാണ്. 15-25 ഡിഗ്രി സെൽഷ്യസ് ചൂടും 40-70 ശതമാനം ഈർപ്പവും ഉള്ള ഷെഡ്ഡുകളാണ് അഭികാമ്യം. ഷെഡുകൾക്കുള്ളിൽ തുറന്ന് വിട്ടോ, പ്രത്യേകം തയ്യാറാക്കിയ ചെറുകൂടുകളിൽ അടച്ചോ കാടകളെ വളർത്താവുന്നതാണ്. കുറഞ്ഞ സ്ഥലത്ത് കൂടുതൽ കാടകൾ വളർത്താൻ ചെറിയകൂടുകൾ ഉപയോഗിക്കുന്നതാണ് അഭികാമ്യം. ഈ സമ്പ്രദായത്തിൽ അറകളുള്ള കൂടുകളിലായി ഒന്നിനുമുകളിൽ മറ്റൊന്നായി ക്രമീകരിച്ച് 5-7 തട്ടുകളുള്ള കോളനിരീതിയിലാണ് ഇവയെ വളർത്തേണ്ടത്. രണ്ട് തട്ടുകൾക്കിടയിൽ 6-8 ഇഞ്ച് (15-20 സെ.മീ) അകലം ഉണ്ടായിരിക്കണം. ഓരോ തട്ടിനടിയിലും വിസർജ്യങ്ങൾ ശേഖരിക്കാൻ ട്രേ അഥവാ പ്ലാസ്റ്റിക് ഷീറ്റ് ഉപയോഗിക്കാവുന്നതാണ്. അടിഭാഗത്ത് 1.25 സെ.മീ. (അരയിഞ്ച്) സമചതുരത്തിലുള്ളതും മറ്റുഭാഗങ്ങൾ 7.5 x 2.5 സെ.മീ. ചതുരത്തിലുള്ളതുമായ കമ്പിവല ഉപയോഗിച്ചാണ് കൂടുകൾ തയ്യാറാക്കേണ്ടത്. ഒരു കാടയ്ക്ക് 150-200 ച.സെ.മീ. സ്ഥലം മതിയാകും. ഇതനുസരിച്ച് കൂടുകളുടെ അളവും അതിൽ പാർപ്പിയ്ക്കാവുന്ന കാടകളുടെ എണ്ണവും താഴെ കൊടുത്തിരിയ്ക്കുന്നു.

| അളവ് | കാടയുടെ എണ്ണം |
|---|---|
| 12.5 x 20 x 25 സെ. മീ. | 2 |
| 60 x 60 x 25 സെ. മീ. | 25 |
| 60 x 120 x 25 സെ. മീ. | 50 |

തീറ്റ നൽകാൻ 4 ഇഞ്ചും വെള്ളം നൽകുന്നതിനായി 3 ഇഞ്ചും വ്യാസമുള്ള നെടുകെ പകുതിയായി പിളർന്ന പി.വി.സി. പൈപ്പ് കഷണങ്ങൾ രണ്ടറ്റവും അടച്ച് കൂടിന്റെ പുറത്ത് വശങ്ങളിൽ ഘടിപ്പിച്ചു കൊടുക്കാവുന്നതാണ്. ഒരു കാടയ്ക്ക് 2-3 സെ.മീ. എന്ന നിരക്കിലാണ് പൈപ്പുകളുടെ നീളം കണക്കാക്കേണ്ടത്.

## തീറ്റയും തീറ്റക്രമങ്ങളും

കാടകൾക്ക് സമീകൃത തീറ്റ നൽകേണ്ടതാണ്. കാട തീറ്റ പ്രത്യേകമായി ലഭിക്കാത്ത സ്ഥലങ്ങളിൽ ഇറച്ചിക്കോഴികൾക്ക് നൽകുന്ന സ്റ്റാർട്ടർ, ഫിനിഷർ തീറ്റകളിൽ ഓരോ 100 കി.ഗ്രാം. തീറ്റയിലും 2. കി.ഗ്രാം മീൻപൊടിയും 5 കി.ഗ്രാം. കപ്പലണ്ടിപ്പിണ്ണാക്കും 8 ഗ്രാം ജീവകം ഇ പൊടിയും ചേർത്ത് സ്റ്റാർട്ടർ (0-3 ആഴ്ച പ്രായമുള്ളവയ്ക്ക്) ഗ്രോവർ (3-6 ആഴ്ച പ്രായമുള്ളവയ്ക്ക്) തീറ്റകൾ തയ്യാറാക്കി നൽകാവുന്നതാണ്. മുട്ടയിടുന്ന കാടപ്പക്ഷികൾക്ക് തീറ്റയിൽ കക്കപ്പൊടി ചേർത്തു നൽകുന്നത് നല്ല തോടുള്ള മുട്ട ലഭിക്കാൻ സഹായിക്കും. ഇതിനു പുറമെ ശുദ്ധ ജലം 24 മണിക്കൂറും ഉറപ്പുവരുത്തേണ്ടതാണ്.

പ്രായത്തിനനുസരിച്ച് കാടകൾക്ക് നൽകുന്ന സമീകൃത തീറ്റയിൽ അടങ്ങിയിരിക്കേണ്ട പോഷകങ്ങളുടെ അളവ് താഴെ കൊടുത്തിരിക്കുന്നു.

| പ്രായം | തീറ്റ | |
|---|---|---|
| | മാംസ്യം | ഊർജ്ജം |
| സ്റ്റാർട്ടർ (0.3 ആഴ്ച) | 27% | 2800 കി. കലോറി |
| ഗ്രോവർ (3-6 ആഴ്ച) | 24% | 2800 കി. കലോറി |
| ലേയർ (6 ആഴ്ചക്കു മേൽ) | 22% | 2650 കി. കലോറി |

## പ്രത്യുൽപാദനം

മുട്ടയും മാംസവും വിപണനം നടത്തുന്നതിന് പുറമെ ഒരല്പം ശ്രദ്ധിച്ചാൽ നല്ലയിനം കാടക്കുഞ്ഞുങ്ങളെകൂടി വിപണനം നടത്താവുന്നതാണ്. 3-4 ആഴ്ച പ്രായമെത്തുമ്പോൾ തന്നെ ആൺ-പെൺ കാടകളെ വേർത്തിരിക്കാൻ കഴിയും. ആൺ കാടകൾക്ക് പെൺകാടകളെ അപേക്ഷിച്ച് വലിപ്പം കുറവായിരിക്കും. അതുപോലെ അവയുടെ കഴുത്തിലും നെഞ്ചിലും ചുവപ്പും തവിട്ടും കലർന്ന തൂവലുകളുണ്ടായിരിക്കും. എന്നാൽ പെൺകാടകൾക്ക് ഈ ഭാഗത്തു കറുപ്പു പുള്ളികളടങ്ങിയ ചാരനിറമുള്ള തൂവലുകളാണുണ്ടായിരിക്കുക.

രണ്ടോ മൂന്നോ പിടകൾക്ക് ഒരു പൂവൻ എന്ന അനുപാതത്തിൽ ഇണചേരാൻ പ്രത്യേകം തയ്യാറാക്കിയ കൂട്ടിൽ നിന്നും കൊത്തുമുട്ട ശേഖരിക്കുക. പ്രത്യുൽപാദനത്തിനായി 10 മുതൽ 23 ആഴ്ച പ്രായത്തിനിടയിൽ ഉള്ള പിടകളെ ഉപയോഗിക്കുന്നതാണ് അഭികാമ്യം. പിടകളുടെ കൂട്ടിൽ പൂവനെ ഇട്ടശേഷം നാലുദിവസം കഴിഞ്ഞേ കൊത്തുമുട്ട ശേഖരിക്കാവൂ. ഇങ്ങനെ ശേഖരിച്ച മുട്ടകൾ 13 ഡിഗ്രി സെൽഷ്യസ് ചൂടും 75 ശതമാനം ഈർപ്പവും ഉള്ള അന്തരീക്ഷത്തിൽ സൂക്ഷിക്കേണ്ടതാണ്.

കാടമുട്ടകൾ കൃത്രിമമായോ അടയിരിക്കുന്ന കോഴികളെ ഉപയോഗിച്ചോ വിരിയിക്കാവുന്നതാണ്. വ്യവസായികാടിസ്ഥാനത്തിൽ മുട്ടവിരിയിക്കാൻ ചിലവു കുറഞ്ഞ ഇൻകുബേറ്ററുകൾ ഇപ്പോൾ വിപണിയിൽ ലഭ്യമാണ്. ഇൻകുബേറ്ററിൽ ആദ്യത്തെ 14 ദിവസം 37.5 ഡിഗ്രി സെൽഷ്യസ് ചൂടും 60 ശതമാനം ഈർപ്പവും ക്രമികരിക്കണം. തുടർന്നുള്ള 2-4 ദിവസം 36.5 ഡിഗ്രി സെൽഷ്യസ് ചൂടും 70 ശതമാനം ഈർപ്പവും ക്രമീകരിക്കേണ്ടതാണ്. വിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങൾക്ക് മൂന്നാഴ്ചയോളം കൃത്രിമ ചൂട് ഉറപ്പുവരുത്തി പ്രത്യേക പരിരക്ഷ നൽകണം. ആദ്യത്തെ ആഴ്ച 37.5 ഡിഗ്രി സെൽഷ്യസ് ചൂട് നൽകണം. ക്രമേണ എല്ലാ ആഴ്ചയിലും 3 ഡിഗ്രി സെൽഷ്യസ് ചൂട് കുറച്ച് കൊണ്ടുവന്ന് മൂന്നാമത്തെ ആഴ്ച കഴിയുമ്പോൾ അന്തരീക്ഷ ഊഷ്മാവിലേക്ക് കൊണ്ടു വരണം. തുടർന്ന് ഇവയെ വിപണിയിലെത്തിക്കാവുന്നതാണ്. കുഞ്ഞുങ്ങളെ ലിറ്റർ ഉപയോഗിച്ചോ തട്ടിൽ ഇട്ടോ ബ്രൂഡിങ്ങ് ചെയ്യാം. കൃത്രിമമായി ചൂട് നൽകാൻ 100 കുഞ്ഞുങ്ങൾക്ക് 60 വാട്ടിന്റെ 2 ബൾബോ അല്ലെങ്കിൽ 275-300 കുഞ്ഞുങ്ങൾക്ക് 250 വാട്ടിന്റെ ഒരു ഇൻഫ്രാറെഡ് ബൾബോ ഉപയോഗിക്കാവുന്നതാണ്. ആദ്യത്തെ ആഴ്ചയിൽ ബ്രൂഡറിന് ചുറ്റും ചിക്ക് ഗാർഡ് വയ്ക്കുന്നത് നല്ലതാണ്.



## രോഗങ്ങളും പ്രതിരോധ മാർഗങ്ങളും

കോഴികളെ അപേക്ഷിച്ച് കാടകൾക്ക് രോഗപ്രതിരോധശേഷി കൂടുതലാണ്. സാധാരണയായി കാടകളിൽ 'ക്വയിൽ ഡിസീസ്' എന്ന രോഗമാണ് കൂടുതലായി കണ്ടുവരുന്നത്. കോളിബാസിലോസിസ്, ആസ്പർജില്ലോസിസ്, കൊറൈസ എന്നീ രോഗങ്ങളും കാടകളെ ബാധിക്കാറുണ്ട്. ഇത്തരം രോഗങ്ങൾ പോഷക സംപുഷ്ടമായ തീറ്റ നൽകുന്നതിലൂടെയും ഷെഡിനുള്ളിലെ താപനില ക്രമീകരിയ്ക്കുന്നതിലൂടെയും കൂടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിലുടെയും തടയാവുന്നതാണ്. കോഴികൾക്ക് നൽകുന്ന പ്രതിമാസ കുത്തിവെയ്പുകൾ കാടകളിൽ ചെയ്യാറില്ല.

## സാമ്പത്തിക നേട്ടങ്ങൾ

കാടകൃഷിയിൽ നിന്ന് ഗുണമേന്മയുള്ള കാടമുട്ടയ്ക്കും ഇറച്ചിയ്ക്കും പുറമെ വിളകൾക്കുവേണ്ടി നല്ല വളവും ലഭിക്കും. ഒരു ചെറുകിട കർഷകൻ 100 കാടകൾ വീട്ടിൽ വളർത്തിയാൽ മുട്ട, കാഷ്ഠം (വളം), മുട്ട ഉൽപ്പാദനം കഴിഞ്ഞ കാടകൾ (ഇറച്ചിക്കുവേണ്ടി) എന്നിവയെ വിറ്റുകിട്ടുന്ന വകയിൽ പ്രതിമാസം ഏകദേശം 1200 രൂപയോളം ആദായം ലഭിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

## കുഞ്ഞുങ്ങൾ ലഭിക്കുന്ന സ്ഥലങ്ങൾ

1. പൗൾട്രി ഫാം, കാർഷിക സർവകലാശാല മണ്ണുത്തി, തൃശൂർ 0487-2370344
2. സെൻട്രൽ ഹാച്ചറി, ചെങ്ങന്നൂർ 0479-2452277

*Published by :* Dr. G. Syda Rao, *Director, CMFRI, Kochi - 18*
*Edited by* : Dr. Shinoj Subramannian, *Programme Coordinator / Sr. Scientist*
*Prepared by :* Dr. K. Smita Sivadasan, *SMS (Animal Husbandry)*
Krishi Vigyan Kendra, CMFRI (ICAR), Narakkal - 682 505

November 2011

കൃഷി വിജ്ഞാന പരമ്പര 2/2011

# കാട വളർത്തൽ: കുറഞ്ഞ ചെലവിൽ കൂടുതൽ ലാഭം



**കൃഷിവിജ്ഞാനകേന്ദ്രം**
**കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം**
*(ദേശീയ കാർഷിക ഗവേഷണ കൗൺസിൽ)*
ഞാറയ്ക്കൽ പി.ഒ., എറണാകുളം - 682 505
ഫോൺ : 0484-2492450
ഇ.മെയിൽ : kvkernakulam@cmfri.org.in